"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ജെസ്സി സാമുവലിന്റെ ചികിത്സയ്ക്ക് ചെലവായ തുക അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1940/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 29.12.2018-ലെ PAN/27798/2018-F2(DP) നമ്പർ കത്ത്

2 കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 25.11.2019 - ലെ D2-19327/19 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന പരേതയായ ജെസ്സി സാമുവൽ സ്വകാര്യ ആശുപത്രിയായ പി.വി.എസ്. മെമ്മോറിയൽ ഹോസ്പിറ്റലിൽ 15.03.2017 മുതൽ 19.03.2017 വരെയുള്ള കാലയളവിൽ നടത്തിയ ചികിത്സയ്ക്ക് സർക്കാരിന്റെ എക്സ്പോസ്റ്റ് ഫാക്ടോ അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ജെസ്സി സാമുവൽ സ്വകാര്യ ആശുപത്രിയായ പി.വി.എസ്. മെമ്മോറിയൽ ഹോസ്പിറ്റലിൽ 15.03.2017 മുതൽ 19.03.2017 വരെയുള്ള കാലയളവിൽനടത്തിയ Graft dysfunction, decompensated liver disease and sub acute bacterial peritonitis എന്ന ചികിത്സയ്ക്ക് എക്സ്പോസ്റ്റ് ഫാക്ടോ അനുമതി നൽകിയും കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള 11,730/- രൂപയുടെ 80% ആയ 9,384/- രൂപ (ഒമ്പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) തേവലക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മരണപ്പെട്ട ജെസ്സി സാമുവേലിന് അനുവദിച്ച നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)

2. തോമസ്കോശി, H./o. Late. ജെസ്സി സാമുവൽ, അമ്പനാട്ട് വീട്, പടിഞ്ഞാറ്റിൻക്കര പി.ഒ. , തേവലക്കര, കൊല്ലം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള. തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.10.16 16:30:16 IST
Reason: Approved

സെക്ഷൻ ഓഫീസർ